പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3594 — 23.06.2014-ൽ മറുപടിയ്ക്ക്

## പൈക്കാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സ്പോർട്സ് കൗൺസിൽ വഴി നടപ്പാക്കുന്ന പൈക്കാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (ബി) | പൈക്കാ പദ്ധതിയിൽ '2013-14' സാമ്പത്തികവർഷം കോട്ടയം ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത് ; ഇതു സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കാമോ ; | (ബി) | 2013-14 സാമ്പത്തിക വർഷം പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയം ജില്ലയിൽ നിന്നും വിദ്യാലയങ്ങളെ ഒന്നും തെരഞ്ഞെടുത്തിട്ടില്ല. പൈക്ക പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. |
| (സി) | 2014-15' സാമ്പത്തികവർഷം കോട്ടയം ജില്ലയിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് പൈക്ക പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) | 2014-15 വർഷം മുതൽ പൈക്ക പദ്ധതി, രാജീവ് ഗാന്ധി ഖേൽ അഭിയാൻ എന്ന പേരിൽ പരിഷ്ക്കരിക്കുന്നതിന് കേന്ദ്ര യുവജനകാര്യ കായികമന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാർ തയ്യാറാക്കുന്ന മുറയ്ക്ക് 2014-15 വർഷം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ഡി) | പൈക്കാ പദ്ധതിയനുസരിച്ച് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ . ഈ പദ്ധതിക്കുള്ള ഫണ്ട് നൽകുന്നത് ഏത് ഏജൻസിയാണെന്നും ഇതിൽ കേന്ദ്രവിഹിതം എത്രയാണെന്നും സംസ്ഥാനവിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ? | (ഡി) | പൈക്ക പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ അംഗീകാരം ലഭിയ്ക്കുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇപ്രകാരം പഞ്ചായത്ത് പൈക്ക സെന്ററുകൾ സ്ഥാപിക്കുമ്പോൾ കളിസ്ഥലങ്ങൾ ഉള്ള സർക്കാർ സ്കൂളുകൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ മാത്രമേ പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും, എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകൾക്കും പരിഗണന നൽകാവൂ. |

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെ പറയുന്ന കേന്ദ്ര/സംസ്ഥാന ഗ്രാന്റുകൾ ലഭിക്കാൻ അർഹതയുണ്ട്.

1. **<u>ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ്</u>**
**<u>(One Time Seed Capital Grant)</u>**

അടിസ്ഥാനസൗകര്യങ്ങൾ (കളിക്കളങ്ങൾ, നീന്തൽ കുളങ്ങൾ) ഒരുക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ളതാണ് ഈ ഗ്രാന്റ്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് ഇത് വഹിക്കുന്നത്.

2. **<u>ആന്വൽ അക്വിസിഷൻ ഗ്രാന്റ്</u>**
**<u>(Annual Acquisition Grant)</u>**

കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ളതാണ് ഈ ഗ്രാന്റ്. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചു വർഷം മാത്രം ലഭിക്കുന്ന 100% കേന്ദ്രധനസഹായമാണിത്.

3. **<u>ആന്വൽ ഓപ്പറേഷൽ ഗ്രാന്റ്</u>**
**<u>( Annual Operational Grant)</u>**

പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമാണിത്. ഇതും പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിയ്ക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 1**

**പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക)**

ഗ്രാമീണതലങ്ങളിൽ കായിക പരിശീലനത്തിനും, കളികൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും, കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് **"പൈക്ക"** എന്നറിയപ്പെടുന്ന **പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ.**

2008-2009 ൽ ആരംഭിച്ച ഈ പദ്ധതിയിൽ ആദ്യ നാലു വർഷം പിന്നിടുമ്പോൾ കേരളത്തിൽ 400 ഗ്രാമ പഞ്ചായത്തുകളും, 57 ബ്ലോക്ക് പഞ്ചായത്തുകളും ഈ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 2012-13 ൽ തെരഞ്ഞെടുത്ത 117 ഗ്രാമ പഞ്ചായത്തുകളും, 15 ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അത്തരം കേന്ദ്രങ്ങളിലേക്ക് കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും താഴെ പറയുന്ന കേന്ദ്ര/സംസ്ഥാന ഗ്രാന്റുകൾ ലഭിക്കാൻ അർഹതയുണ്ട്

1. **ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റ് (One Time Seed Capital Grant)**:

കായിക പരിശീലനത്തിനും മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും ഉപയുക്തമായ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ (കളിക്കളങ്ങൾ, നീന്തൽ കുളങ്ങൾ) ഒരുക്കുന്നതിനും, നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ളതാണ് ഈ ഗ്രാന്റ്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈയിനത്തിൽ ഒരു പോലെ അഞ്ച് ലക്ഷം രൂപ വീതമാണ് ലഭിക്കുക. എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ അർഹത അവയുടെ ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലാണ് തിട്ടപ്പെടുത്തുക. (4600 എന്നത് ഗ്രാമീണ ജനസംഖ്യയുടെ ദേശീയ ശരാശരിയാണ്.)

2. <u>ആന്വൽ അക്വിസിഷൻ ഗ്രാന്റ് (**Annual Acquisition Grant**)</u>:

ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ളതാണ് ഈ ഗ്രാന്റ്. പദ്ധതി നടപ്പാക്കി ആദ്യ അഞ്ചു വർഷം മാത്രം ലഭിക്കുന്ന 100 % കേന്ദ്ര ധനസഹായമാണിത്. **ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതവും ബ്ലോക്ക്പഞ്ചായത്തിന് പ്രതിവർഷം ഇരുപതിനായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക.**

3. <u>ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് (**Annual Operational Grant**)</u>:

പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനും മറ്റും ഉദ്ദേശിച്ചുള്ള നൂറ് ശതമാനം കേന്ദ്ര സഹായമാണിത്. ഇതും പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിയ്ക്കുകയുള്ളൂ. ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം പന്ത്രണ്ടായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപത്തിനാലായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക. *എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിന്റെ ഇരട്ടി വീതം അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപാ വീതവും പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്.*

<u>കോമ്പറ്റീഷൻ ഗ്രാന്റ് (**Competition Grant**)</u>:-

മേൽ പറഞ്ഞതു കൂടാതെ എല്ലാ വർഷവും ബ്ലോക്ക്/ജില്ല/സംസ്ഥാന/ ദേശീയതല പൈക്ക കായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും, അവാർഡുകൾ നൽകുന്നതിനും, 100 ശതമാനം കേന്ദ്ര സഹായമായി ആന്വൽ കോമ്പറ്റീഷൻ ഗ്രാന്റും ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ